**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3732** **15-07-2022 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം, കാസർഗോഡ് ഭാഷാന്യൂനപക്ഷ മേഖലകളിലെ എൽ.ഡി. ക്ലാർക്ക് നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, കാസർഗോഡ് ഭാഷാന്യൂനപക്ഷ മേഖലകളിൽ '50% കന്നഡ മലയാളം' അറിയാവുന്ന എൽ.ഡി. ക്ലാർക്കുമാരെ നിയമിക്കണമെന്ന ജില്ലാ കളക്ടറുടെ ഉത്തരവ് റദ്ദാക്കിക്കൊണ്ട് വന്ന കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ OA EKM 264/2022 വിധിയുടെ അടിസ്ഥാനത്തിൽ ഭാഷാന്യൂനപക്ഷങ്ങൾ കുറവുള്ള മേഖലകളിൽ 50% കന്നഡ, മലയാളം എൽ.ഡി. ക്ലാർക്കുമാർക്ക് നിയമനം നൽകുന്നത് കൂടുതലാണെന്നും അതേ സമയം ഭാഷാന്യൂനപക്ഷങ്ങൾ കൂടുതലുള്ള മേഖലകളിൽ 50% നൽകിയാൽ എണ്ണം കുറഞ്ഞു പോകാനിടയുണ്ടെന്നും അത് ആ മേഖലയിൽ സർക്കാർ നടപ്പിലാക്കുന്ന നയത്തിന് അനിവാര്യമാണെന്നുമുള്ള വിലയിരുത്തലിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | OA(EKM)264/2022 നമ്പർ കേസിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 07.06.2022 ലെ ഉത്തരവ് പാലിക്കുവാനും ഇത് സംബന്ധിച്ചുള്ള റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കുവാനും കാസർഗോഡ് ജില്ലാ കളക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ട്രൈബ്യൂണൽ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള സമയ പരിധിക്കകം, ഭാഷാന്യൂനപക്ഷ മേഖലകളിലെ സർക്കാർ ഓഫീസുകളിൽ കന്നഡ ഭാഷാ പ്രാവീണ്യമുള്ള എൽ.ഡി.ക്ലാർക്കുമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ വിവരം റിപ്പോർട്ട് ചെയ്യുവാൻ ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | എല്ലാ വകുപ്പ് തലവന്മാരും കന്നഡ, മലയാളം എൽ.ഡി. ക്ലാർക്ക് തസ്തികകളുടെ എണ്ണം നിശ്ചയിച്ച് കുറഞ്ഞു പോകുകയാണെങ്കിൽ ഒഴിവുകൾ ആ വിഭാഗത്തിന് നൽകി പി. എസ് .സിക്ക് റിപ്പോർട്ട് ചെയ്യുവാനും പ്രസ്തുത ഉത്തരവ് രണ്ട് മാസത്തിനകം നടപ്പിലാക്കണമെന്നുമുള്ള നിർദ്ദേശത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ? | (ബി) | OA(EKM)264/2022 നമ്പർ കേസിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 07.06.2022 ലെ ഉത്തരവ് പാലിക്കുവാനും ഇത് സംബന്ധിച്ചുള്ള റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കുവാനും കാസർഗോഡ് ജില്ലാ കളക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ട്രൈബ്യൂണൽ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള സമയ പരിധിക്കകം, ഭാഷാന്യൂനപക്ഷ മേഖലകളിലെ സർക്കാർ ഓഫീസുകളിൽ കന്നഡ ഭാഷാ പ്രാവീണ്യമുള്ള എൽ.ഡി.ക്ലാർക്കുമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ വിവരം റിപ്പോർട്ട് ചെയ്യുവാൻ ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ